# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 901 — 25/01/2018ൽ മറുപടിയ്ക്ക്

## വനവൽക്കരണ അവബോധം

ചോദ്യം — ഉത്തരം

ശ്രീ. ടി.വി.ഇബ്രാഹിം

അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ | സാമൂഹ്യ വനവത്ക്കരണ പദ്ധതിക്ക് വേണ്ടി ഈ സർക്കാർ നടപ്പാക്കിയ കാര്യങ്ങൾ വിശദീകരിക്കാമോ ; | എ | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം സാമൂഹ്യ വനവൽക്കരണ പദ്ധതിക്കുവേണ്ടി എല്ലാ വർഷവും പരിസ്ഥിതി ദിനമായ ജൂൺ 5-ന് ' വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജനസംഘടനകൾ, മത സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. 'എന്റെ മരം,' 'നമ്മുടെ മരം' പദ്ധതി പ്രകാരം സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കു സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോരത്തണൽ പദ്ധതി, വനമിത്ര അവാർഡ്, കാവ് സംരക്ഷണം , സ്വകാര്യ സ്ഥലത്തെ വൃക്ഷവൽക്കരണം, കണ്ടൽ വെച്ചുപിടിപ്പിക്കൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. വഴിയോര തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളും നടപ്പാക്കി വരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് സർക്കാർ ഇതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് |

| | | | |
|---|---|---|---|
| | | | നക്ഷത്രവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിങ്ങ്, വഴിയോരത്തണൽ, കണ്ടൽ വനവൽക്കരണം, ഹെർബൽ ഗാർഡൻ, ബീച്ച് പ്ലാന്റിങ്ങ് തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു. |
| ബി | സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ വനവൽക്കരണ അവബോധം വളർത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | ബി | വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ കുട്ടികൾക്കായി 'എന്റെ മരം', കോളേജ് കുട്ടികൾക്കായി 'നമ്മുടെ മരം' എന്നീ പദ്ധതികൾ സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന നടപ്പാക്കി വരുന്നു. 'ഔഷധത്തോട്ടം', 'നക്ഷത്രവനം' എന്നീ പദ്ധതികളും സ്കൂളുകളിൽ നടപ്പാക്കി വരുന്നു. വനവൽക്കരണത്തെയും പരിസ്ഥിതി സംരക്ഷണത്തെയും സംബന്ധിച്ച അവബോധം നൽകുന്നതിനായി പരിസ്ഥിതി പഠന ക്ലാസ്സുകൾ, നേച്ചർ ക്യാമ്പുകൾ, സെമിനാറുകൾ, ശില്പശാലകൾ, റാലികൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി എല്ലാ വർഷവും വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സംബന്ധമായ മത്സരങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും നൽകിവരുന്നു. സ്കൂളുകളിൽ ഫോറസ്റ്റ് ക്ലബ്ബുകൾ രൂപീകരിച്ച് വനസംരക്ഷണം വന്യജീവി സംരക്ഷണം എന്നിവയിൽ ബോധവൽക്കരണവും നടത്തി വരുന്നു. |
| സി | വനവൽക്കരണ പരിപാടി പരിഗണിച്ച് വനം വകുപ്പ് സ്കൂൾ വിദ്യാർത്ഥികൾക്ക്/ വിദ്യാലയങ്ങൾക്ക് അവാർഡുകൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | സി | വനവൽക്കരണ പരിപാടി പരിഗണിച്ച് വനം വകുപ്പ് സ്കൂളുകൾക്ക് പ്രത്യേക അവാർഡുകൾ നൽകുന്നില്ല. എന്നാൽ വന്യജീവി വാരാഘോഷവുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ സ്കൂളുകളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ച് ക്യാഷ് അവാർഡും |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റും നൽകിവരുന്നു. കൂടാതെ വന വൽക്കരണം ഉൾപ്പെടെയുള്ള മികച്ച പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് സ്കൂളുകളെ കൂടി ഉൾപ്പെടുത്തി പ്രകൃതി മിത്ര അവാർഡിന് പരിഗണിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ